പതിമൂന്നാം കേരള നിയമസഭ
ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 2851 — 20.06.2013 ൽ മറുപടിക്ക്

## ന്യായവില ഷോപ്പുകൾ

| ചോദ്യം<br>ശ്രീ. മോൻസ് ജോസഫ്: | ഉത്തരം<br>ശ്രീ. അനൂപ് ജേക്കബ്<br>(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും രജിസ്ട്രേഷനും വകുപ്പുമന്ത്രി ) |
|---|---|
| (എ) പച്ചക്കറികളുടെ വില വർദ്ധനവ് തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ എന്തെങ്കിലും സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ന്യായ വിലഷോപ്പുകൾ ആരംഭിക്കുന്നതിന് ഉദ്ദേശമുണ്ടോ; | (എ) പച്ചക്കറിയുടെ വില വർദ്ധന തടയുന്നതിന് സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഹോർട്ടി കോർപ്പറേഷനുമായി സഹകരിച്ച് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. ഇതനുസരിച്ച് സ്ഥല ലഭ്യതയുള്ള എല്ലാ സപ്ലൈകോ ഔട്ട്ലെറ്റുകളിലും ഹോർട്ടി കോർപ്പറേഷന് വാടകരഹിതമായി സ്ഥലം അനുവദിച്ചിട്ടുണ്ട്. ഹോർട്ടികൾച്ചർ കോർപ്പറേഷൻ മാർക്കറ്റ് വിലയേക്കാൾ 30% വില കുറച്ച് പച്ചക്കറി വിതരണം നടത്തുന്നതാണ്. ഇത് ഒരു പരിധിവരെ വിലക്കയറ്റം തടയുന്നതിന് സഹായകമാണ്. |
| (ബി) സപ്ലൈകോയിലൂടെ വിൽക്കുന്ന നോൺമാവേലി സാധനങ്ങൾക്ക് എത്ര ശതമാനം ലാഭമാണ് കോർപ്പറേഷൻ ഈടാക്കുന്നത്; ഇത് ഒരു നിശ്ചിത ശതമാനമായി പരിമിതപ്പെടുത്തി വിലവർദ്ധനവ് തടയുന്നതിന് മുന്തിയ പരിഗണന നൽകുമോ? | (ബി) സപ്ലൈകോ നോൺ മാവേലി സാധനങ്ങൾ വാങ്ങുമ്പോൾ ലഭ്യമാക്കുന്ന മാർജിന്റേയും (പരമാവധി വിൽപ്പന വിലയും വാങ്ങൽ വിലയും തമ്മിലുള്ള അന്തരം) ഉൽപന്നത്തിന്റെ പ്രത്യേകതയനുസരിച്ചും ആണ് വിൽപ്പന വില നിശ്ചയിക്കുന്നത്. വാങ്ങൽ വിലയുടെ 4 ശതമാനം മുതൽ 22.5 ശതമാനം വരെയോ അല്ലെങ്കിൽ പരമാവധി വിൽപ്പനയിൽ നിന്ന് മാർജിന്റെ 20 ശതമാനം മുതൽ 30 ശതമാനം വരെയോ വിലകുറച്ചിട്ടാണ് വിൽപ്പന വില നിശ്ചയിക്കുന്നത്. ലാഭം ഒരു നിശ്ചിത ശതമാനമെങ്കിലും പരിമിതപ്പെടുത്തി വിൽപ്പന വില നിർണ്ണയിക്കുന്നത് സജീവ പരിഗണനയിലാണ്. |

Beena

സെക്ഷൻ ഓഫീസർ